# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/74/2017 | പത്രക്കുറിപ്പ് | 2017 ഏപ്രിൽ 5

**പരീക്ഷകൾ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (ഏപ്രിൽ 6) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട്.

**ബി.എഡ് പരീക്ഷ**

ഏപ്രിൽ 7 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. സപ്ലിമെന്ററി/റീ അഡ്മിഷൻ പരീക്ഷകൾക്കുള്ള വിദ്യാർത്ഥികൾ പഠിച്ച കോളേജുകളിൽ നിന്ന് ഹാൾ ടിക്കറ്റ് വാങ്ങി, കോട്ടയം മേഖലിയിൽ നിന്നുള്ളവർ കോട്ടയം മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലും, എറണാകുളം മേഖലയിൽ നിന്നുള്ളവർ എറണാകുളം സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലും വച്ച് പരീക്ഷ എഴുതേണ്ടതാണ്. ഫോൺ : 0481 2733693.

**പ്രാക്ടിക്കൽ പരീക്ഷ, പ്രൊജക്ട് ഇവാല്യൂവേഷൻ & വൈവാ വോസി**

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ടൂറിസം സ്റ്റഡീസ് (സി.ബി.സി.എസ്.എസ്-റഗുലർ/ സപ്ലിമെന്ററി/ മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 11 മുതൽ 19 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എസ്സി. ഇലക്ട്രോണിക്സ് ആന്റ് ബി.എസ്സി. കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 10 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് മാത്തമാറ്റിക്സ് മാർച്ച് 2017 പരീക്ഷയുടെ പ്രൊജക്ട് ഇവാല്യൂവേഷനും വൈവാവോസിയും ഏപ്രിൽ 10 മുതൽ21 വരെ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം.**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എ ഭരതനാട്യം (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 19 വരെ സ്വീകരിക്കും.

**ബി.എസ്സി. ഫിസിക്സ് ഓൾ എക്സാമിനേഴ്സ് മീറ്റിംഗ് നാളെ (ഏപ്രിൽ 7) നടത്തും**

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് പരീക്ഷയുടെ ഇന്ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ ഓൾ എക്സാമിനേഴ്സ് ബോർഡ് മീറ്റിംഗ് വെള്ളിയാഴ്ച 11 മണിക്ക് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിൽ വച്ച് നടത്തും.

**പ്രത്യേകസിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്വാശ്രയ സ്ഥാപനങ്ങളെ പറ്റി ചർച്ചചെയ്യുന്നതിനായി സിൻഡിക്കേറ്റിന്റെ പ്രത്യേക യോഗം നാളെ (ഏപ്രിൽ 7) രാവിലെ 10 മണിക്ക് സിൻഡിക്കേറ്റ് ഹാളിൽ വച്ച് ചേരും.

**റിസർച്ച് മെത്തഡോളജിയും സ്റ്റാറ്റിസ്റ്റിക്സും : എം. ജി യിൽ ത്രിദിന ശില്പശാല.**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസ്എബിലിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ റിസേർച്ച് മെത്തഡോളജിയും സ്റ്റാറ്റിസ്റ്റിക്സും എന്ന വിഷയത്തിൽ ത്രിദിന ശില്പശാല ഏപ്രിൽ 26, 27, 28 തീയതികളിൽ സംഘടിപ്പിക്കുന്നു. ഗവേഷക വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ബിരുദാനന്തരബിരുദ എം. എഡ് വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം. ഗവേഷണ വിഷയം തെരെഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രൊപ്പോസൽ റൈറ്റിംങ്ങ്, വിവിധ ഗവേഷണ രീതികൾ,

അനാലിസിസ്, പ്രധാനപ്പെട്ട സ്റ്റാറ്റിസ്റ്റിക്കൽ ടെസ്റ്റുകൾ എന്നിവ പ്രസ്തുത ശില്പശാലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സ് ഫീസ് 1500/- രൂപ. വിശദവിവരങ്ങൾക്ക് ഫോൺ : 0481 2731580, 9846735917. ഇ മെയിൽ : iucdsmgu@gmail.com.

**എം. ജി യിൽ ത്രിദിന അന്തർദേശീയ പോളിമർ ശാസ്ത്രസംഗമം നാളെ (ഏപ്രിൽ 7) മുതൽ**

ലോകപ്രശസ്ത പോളിമർ ശാസ്ത്രജ്ഞരുടെ സംഗമം 'icamp-2017' എന്ന പേരിൽ നാളെ മുതൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടത്തും. സർവ്വകലാശാലയുടെ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോമോളിക്യൂലാർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശാസ്ത്ര സംഗമം സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. "നവീന പോളിമർ ഉല്പന്നങ്ങൾ സുസ്ഥിരതയ്ക്കും വികസന വിപ്ലവത്തിനും" എന്ന വിഷയത്തെ ആധാരമാക്കി നടക്കുന്ന സംഗമത്തിൽ 200 ൽ അധികം ശാസ്ത്രജ്ഞർ പങ്കെടുക്കും. പ്രൊഫ : സാബുതോമസ്, ഡോ നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകുന്ന സംഗമത്തിൽ പ്രഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനം, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ എന്നിവയുണ്ടായിരിക്കും. ശാസ്ത്രജ്ഞർ, ഗവേഷകർ, വ്യവസായ സംരംഭകർ മാതലായവർക്ക് ആശയങ്ങൾ പങ്കുവെയ്ക്കാനുള്ള വേദിയാണ് 'icamp-2017'. വിവരങ്ങൾക്ക് ഫോൺ : 9447 099 541. ഇ മെയിൽ : polymericmaterials@macromol.in.

**മഹാത്മാഗാന്ധി സർവ്വകലാശാല ദേശീയ യുവജന പുരസ്ക്കാരം കോളേജുകൾക്ക് സമ്മാനിച്ചു**

കേന്ദ്ര യുവജനക്ഷേമ കായിക വകുപ്പിന്റെ ദേശീയ യുവജന നേതൃത്വ പരിപാടി (NYLP)അവാർഡ് കോളേജുകൾക്ക് വിതരണം ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള എരുമേലി എം ഇ എസ് കോളേജ്, ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വുമൻ, കോന്നിഎസ് എൻ ഡി പി ആർട്ട്സ് & സയൻസ് കോളേജ് , കോട്ടയം ബി സി എം കോളേജ്, അമലഗിരി ബി കെ കോളേജ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും നാലും അഞ്ചും സ്ഥാനത്തിന് അർഹരായി.

2015-16 വർഷത്തെ എൻ എസ് എസ് പ്രവർത്തനങ്ങളുടെ മികവ് പരിഗണിച്ചാണ് അവാർഡ്നൽകിയത്. യഥാക്രമം 50000, 40000, 35000, 30000, 25000 രൂപയും ശിൽപവും പ്രശസ്തി പത്രവുമാണ് പുരസ്ക്കാരം. ഉദ്ഘാടനവും അവാർഡ് ദാനവും ബഹു.വൈസ് ചാൻസലർ,ഡോ.ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. അജി സി പണിക്കർ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിച്ചു. സംസ്ഥാന എൻ എസ് എസ് ഓഫീസർ ഡോ. കെ സാബുക്കുട്ടൻ ആമുഖ പ്രഭാഷണം നടത്തി. ക്യാമ്പസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ ശ്രീമതി.റിൻസിമോൾ മാത്യുസ്വാഗതം ആശംസിച്ച ചടങ്ങിൽ എരുമേലി എം ഇ എസ് കോളേജ് പ്രിൻസിപ്പൽ ഡോ.എം എ മാഹീൻ മറുപടി പ്രസംഗവും, ആലുവ സെന്റ് സേവിയേഴ്സ് കോളേജിലെ പ്രോഗ്രാം ഓഫീസർ ഡോ. രശ്മിവർഗീസ് കൃതജ്ഞതയും പറഞ്ഞു.

**ഫാക്കൽറ്റി ശില്പശാല**

മഹാത്മാഗാന്ധി സർവ്വകലാശാലാ 2017-18 വർഷത്തേക്കുള്ള ബിരുദതല സിലബസിന് അന്തിമ രൂപം നൽകുന്ന തിനായി ഫാക്കൽറ്റികളുടെ നേതൃത്വത്തിൽ വിവധ വിഷയങ്ങൾക്കായി താഴെപ്പറയുന്ന തീയതികളിൽ വിവധ കോളേജുകളിൽ രാവിലെ 10 മണിയ്ക്ക് ശില്പശാലകൾ സംഘടിപ്പിക്കുന്നു.

ജിയോളജി : ഗവ: കോളേജ് കോട്ടയം - ഏപ്രിൽ 7, കെമിസ്ട്രി : സെന്റ് തോമസ് കോളേജ് പാല - ഏപ്രിൽ 8, ഹിസ്റ്ററി, പ്രിന്റിംഗ് & പബ്ലിഷിംഗ് : എൻ.എസ്.എസ്. ഹിന്ദു കോളേജ് ചങ്ങനാശ്ശേരി - ഏപ്രിൽ 10, ടൂറിസം : എസ്.എൻ. കോളേജ് കുമരകം - ഏപ്രിൽ 10, ഹിന്ദി : കെ.ഇ. കോളേജ്, മാന്നാനം - ഏപ്രിൽ 10, ഇക്കണോമിക്സ് : ബസേലിയസ് കോളേജ് കോട്ടയം - ഏപ്രിൽ 11, ബോട്ടണി : സി.എം.എസ്. കോളേജ്, കോട്ടയം - ഏപ്രിൽ 12, ബയോ ടെക്നോളജി : എം.ജി. സർവ്വകലാശാല - ഏപ്രിൽ 12.

അതത് വിഷയത്തിലുള്ള അദ്ധ്യാപകർ ഇതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**അടിക്കുറിപ്പ്**

എൻ.എസ്.എസ് ദേശീയ യുവജന പുരസ്കാരം വിതരണം ചെയ്തുകൊണ്ട് വൈസ് ചാൻസലർ,ഡോ. ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**